ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: പഞ്ചായത്തുബോർഡ് ജീവനക്കാർക്കു്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കു് ബാധകമാക്കാൻ ഉദ്ദേശിക്കുന്ന 3 ക. യും, 5 ക. യും ബാധകമാക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: പഞ്ചായത്തുകാർക്കുകൂടി ബാധകമാക്കാം.

പ്രീയൂണിവേഴ്സിറ്റിക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ

* 563. [3] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963-64 അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്തെ കോളേജുകളിൽ പ്രീയൂണിവേഴ്സിറ്റിക്ലാസ്സിൽ ആകെ എത്ര കുട്ടികൾ പഠിക്കുന്നുണ്ടു്;

(ബി) അവരിൽ ആൺകുട്ടികളെത്ര; പെൺകുട്ടികളെത്ര;

(സി) ഗവണ്മെൻറ് കോളേജുകളിൽ മേൽപ്പറഞ്ഞ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ എത്ര?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 27,262 കുട്ടികൾ.

(ബി) 17,597 ആൺകുട്ടികളും, 9,665 പെൺകുട്ടികളും.

(സി) 4,526 കുട്ടികൾ.

സോഷ്യൽ വെൽഫെയർബോർഡു്.

* 564. [4] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നു നിലവിലുള്ള സോഷ്യൽ വെൽഫെയർബോർഡു് രൂപീകരിച്ചതെന്നാണു്;

(ബി) ഡിസ്ട്രിക്റ്റുതോറും സോഷ്യൽവെൽഫെയർ ബോഡിന്റെ പ്രവർത്തനത്തെപ്പറ്റി ഉപദേശിക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്;

(സി) ഓരോ ഡിസ്ട്രിക്റ്റിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ പട്ടികജാതിയിൽനിന്നും ആരെയെങ്കിലും എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയെല്ലാം?

മുഖ്യമന്ത്രി (ശ്രീ. ആർ ശങ്കർ):

(എ) 1-4-1963-ൽ.

(ബി) എല്ലാ റവന്യൂ ഡിസ്ട്രിക്റ്റിൽനിന്നും ഓരോ അന്യോഗസ്ഥാംഗത്തെ ബോർഡിലേക്കു് എടുത്തിട്ടുണ്ടു്.

(സി) ഓരോ ഡിസ്ട്രിക്റ്റിലും പ്രത്യേകം പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല.

ശ്രീ. പി. സി. ആദിച്ചൻ: സോഷ്യൽ വെൽഫെയർ ബോർഡു മുഖേനയുള്ള പ്രവർത്തനങ്ങളിൽ ഹരിജനങ്ങൾക്കു് കൂടുതൽ പ്രയോജനപ്രദമാകുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണു് നടത്തിയിരുന്നതു്?

ശ്രീ. ആർ. ശങ്കർ: സോഷ്യൽ വെൽഫെയർ ബോർഡിന്റെ പ്രവർത്തനം ഹരിജനങ്ങളെ പ്രത്യേകം കരുതിയുള്ളതല്ല. സോഷ്യലായി പ്രവർത്തനമർഹിക്കുന്ന പല ആളുകളേയും കരുതിയുള്ള പ്രവർത്തനമാണു്. ഹരിജനങ്ങൾക്കു് പ്രത്യേകമായിട്ടുള്ള പ്രവർത്തനങ്ങളും ഹരിജൻ ഡിപ്പാർട്ടുമെൻറിൽനിന്നാണു് നടത്തുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബോർഡ് വനിതാക്ഷേമപ്രവർത്തനങ്ങളുടെ ചാർജ്ജ് വനിതാ സമാജത്തിനു് കൊടുക്കുകയും മഹിളാസംഘടനകളും ഗ്രാമസേവികമാക്ക് 75. ക. കൊടുക്കേണ്ടതിനു് ബോർഡിൽനിന്നും 59. ക. മാത്രം കൊടുക്കുകയും ചെയ്തതായറിയുന്നതു് ശരിയാണോ; അതുതന്നെ 3-4 മാസമായി ചില കേന്ദ്രങ്ങളിൽ കിട്ടുന്നില്ല എന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മുമ്പു ലഭിച്ചിരുന്നതുപോലെയുള്ള ശമ്പളം കൊടുക്കാൻ വേണ്ട നടപടികളും കൈക്കൊള്ളുമോ?

ശ്രീ. ആർ. ശങ്കർ: ചില കേന്ദ്രങ്ങളിൽ അങ്ങനെ സംഭവിച്ചിട്ടുണ്ടു്. കേന്ദ്രങ്ങളുടെ കാലാവധി തീരുമ്പോൾ പിന്നെ തുടർന്നു നടത്താനുള്ള വ്യവസ്ഥയില്ല. അതിനു് ഗ്രാന്റു നൽകിയിരുന്നതു് കേന്ദ്ര സോഷ്യൽ വെൽഫെയർ ബോർഡിൽനിന്നാണു്. അവർക്കു് 59 രൂപമാത്രം കൊടുക്കുന്നു എന്നു പറയുന്നതു് ഗ്രാന്റിനത്തിലുള്ളതാണു്. ബാക്കിയുള്ളതു് മഹിളാസമാജങ്ങൾതന്നെ ശേഖരിച്ചുകൊടുക്കണമെന്നാണു് വ്യവസ്ഥ.

വീട്ടുവാടക അലവൻസു്.

*565. [5] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥന്മാർക്കു വീട്ടുവാടക അലവൻസു് ഇപ്പോൾ നൽകിവരുന്നതു് ഏതു നിരക്കനുസരിച്ചാണു്;

(ബി) സ്വദേശത്തു് ജോലിചെയ്യുന്നവർക്കും ഈ അലവൻസു് നൽകുന്നുണ്ടോ;

(സി) ഈ ആനുകൂല്യം അന്യദേശത്തു് ജോലി ചെയ്യേണ്ടിവരുന്ന പ്രൈവറ്റു സ്കൂളദ്ധ്യാപകർക്കുകൂടി ബാധകമാക്കുന്ന കാര്യം ഗവണ്മെന്റു് പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) എൻ. ജി. ഓ. മാർക്കു് പ്രതിമാസം എഴു രൂപാവീതമാണു് വീട്ടുവാടക അലവൻസു് നൽകിവരുന്നതു്.

(ബി) ഉണ്ടു്.

(സി) എഡ്യുക്കേഷൻ ആക്ടുപ്രകാരമുള്ള ചട്ടങ്ങൾ അനുസരിച്ചു് എയിഡഡു് സ്കൂൾ അദ്ധ്യാപകർക്കു് ഇതു് കൊടുക്കേണ്ടതില്ല. മേൽ ഭേദപ്പെടുത്താൻ ഉദ്ദേശമില്ല.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: സ്വന്തം വീടുകളിൽ നിന്നുപോയി ജോലിചെയ്യുന്ന ഗവണ്മെന്റുദ്യോഗസ്ഥന്മാർക്കുകൂടി കൊടുത്തുവരുന്ന വീട്ടുവാടക അലവൻസു് പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർക്കു കൊടുക്കാതിരിക്കുന്നതിനു് ഒരു തടസ്സം, മേൽപ്രകാരം കൊടുക്കുന്നതിനു ബാദ്ധ്യതയില്ലെന്നതാണു്. ഇന്നു് പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർ അനുഭവിക്കുന്ന വിഷമതകളും മനസ്സിലാക്കിക്കൊണ്ടു് ഗവണ്മെന്റു് അവർക്കുകൂടി ഈ ആനുകൂല്യം കൊടുക്കുന്നതിനു് ശ്രദ്ധിക്കുമോ?

ശ്രീ. ആർ. ശങ്കർ: ഇതിൽ കുറെ വിഷമങ്ങളുണ്ടു്. പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാർ മിക്കവാറും സ്ഥലംമാറ്റത്തിനു വിധേയരാകാതെ കഴിയുന്നവരാണു്. അപൂർവ്വം ചില വലിയ മാനേജ്മെന്റുകളിൽ മാറ്റം വരുത്തി എന്നുവരും. മിക്കവാറും എല്ലാ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർക്കും ഒരു സ്ഥലത്തുതന്നെ കഴിയാനുള്ള സൗകര്യം ഉള്ളതുകൊണ്ടു് അവരെ അല്പമൊന്നു വ്യത്യസ്തമായി പരിഗണിക്കുന്നതിൽ തെറ്റില്ലെന്നാണു് ഗവണ്മെന്റു് വിചാരിക്കുന്നതു്. അവർക്കുകൂടി ഈ സൗജന്യങ്ങളും കൊടുക്കുന്നതിനു് വളരെ വലിയ ഒരു തുക ചെലവാകുകയും ചെയ്യും. ഇപ്പോൾ ഇതു ചെലവാക്കാൻ വിഷമവുമുണ്ടു്. അതിനുപുറമെ, പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാരെ പല കാര്യത്തിലും ഗവണ്മെന്റു് സ്കൂൾ അദ്ധ്യാപകന്മാരെപ്പോലെ പരിഗണിക്കുന

LIBRARY ARCHIVES Kerala Legislative Assembly